**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3515** **26-06-2024 - ൽ മറുപടിയ്ക്ക്**

**ശക്തൻ തമ്പുരാന്റെ ജന്മഗൃഹം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി)** | |
| (എ) | എറണാകുളം ജില്ലയിലെ ആലുവ താലൂക്കിൽ കിഴക്കുംഭാഗം വില്ലേജിൽ സ്ഥിതി ചെയ്യുന്ന ശക്തൻ തമ്പുരാന്റെ ജന്മഗൃഹം സംരക്ഷിത സ്മാരകമാക്കുന്നതിനുള്ള തീരുമാനം നടപ്പിലാക്കൽ ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ; | (എ) | എറണാകുളം ജില്ലയിലെ ആലുവ താലൂക്കിൽ കിഴക്കുംഭാഗം വില്ലേജിൽ സ്ഥിതി ചെയ്യുന്ന ശക്തൻ തമ്പുരാന്റെ ജന്മഗൃഹമായ വെള്ളാരപ്പള്ളി കോവിലകം വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിലേക്കുള്ള പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത സംരക്ഷിത സ്മാരകം നശിപ്പിക്കുന്നതിന് ഈയിടെ ഉണ്ടായ ശ്രമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത കെട്ടിടത്തിന് കേടുപാടുകൾ വരുത്തുന്നതായുള്ള പരാതി 15.05.2024 ന് പുരാവസ്തു വകുപ്പിൽ ലഭ്യമായതു പ്രകാരം ഇത്തരത്തിൽ പ്രവൃത്തികൾ നടത്തുന്നത്, 1968 ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്റ്റിനും, ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവിനും വിരുദ്ധമാണെന്നും ആയത് നിർത്തിവെക്കേണ്ടതാണെന്നും കാണിച്ച് നിലവിലെ താമസക്കാർക്ക് പുരാവസ്തു വകുപ്പ് നോട്ടീസ് നൽകിയിട്ടുണ്ട്. വെള്ളാരപ്പള്ളി കോവിലകത്ത് നടക്കുന്ന അനധികൃതമായ പ്രവൃത്തികൾ നിർത്തിവെപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അറിയിച്ച് ജില്ലാ കളക്ടർ, തഹസിൽദാർ, വില്ലേജ് ഓഫീസർ എന്നിവർക്കും സ്ഥലം എസ്.എച്ച്.ഒ.യ്ക്കും പുരാവസ്തു വകുപ്പ് കത്ത് നൽകിയിട്ടുണ്ട്. |
| (സി) | വലിയ തമ്പുരാൻ കോവിലകം സംരക്ഷിത സ്മാരകമായി ഏറ്റെടുത്ത് സംരക്ഷിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ എന്നും വ്യക്തമാക്കാമോ? | (സി) | വെള്ളാരപ്പള്ളി കോവിലകം വകുപ്പിന്റെ സംരക്ഷിത സ്മാരകമാക്കുന്നതിനുള്ള പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട് ഡോ.രാഘവൻ മുതൽപേർ ബഹു. ഹൈക്കോടതിയിൽ WP(C) 19497/21 നമ്പറായി ഹർജി ഫയൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ